പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3285 21/12/2012 ൽ മറുപടിയ്ക്ക്

# നമുക്ക് പഠിക്കാം മലയാളം പദ്ധതി

ചോദ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. ഹൈബി ഈഡൻ
ശ്രീ. പി.എ. മാധവൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ബഹു: ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| (എ) | നമുക്ക് പഠിക്കാം മലയാളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | നമ്മുടെ നാട്ടിലെത്തുന്ന വിദേശ വിനോദ സഞ്ചാരികൾക്ക് ബസ്സ്റ്റാന്റ്., റെയിൽവേ സ്റ്റേഷൻ, ആശുപത്രി, തപാൽ ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ ഉപയോഗിക്കാനുള്ള അത്യാവശ്യം വാക്കുകളും മറ്റും പഠിപ്പിക്കുക എന്നതാണ് 'നമുക്കു പഠിക്കാം മലയാളം' എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശം. കേരളത്തിന്റെ സംസ്കാരം, ചരിത്രം, സംഗീതം തുടങ്ങിയവ നമ്മുടെ ഭാഷയിലൂടെ വിദേശികൾക്ക് മനസ്സിലാക്കിക്കൊടുക്കുവാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. |
| (ബി) | ഏത് ഏജൻസിയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | മലയാള ഭാഷയും സംസ്കാരവും പരിചയപ്പെടുത്തുന്നതിനും പഠിപ്പിക്കുന്നതിനുമായി സാംസ്കാരിക കാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സംരംഭമായ 'മലയാളം മിഷൻ' നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ' നമുക്കു പഠിക്കാം മലയാളം' . |
| (സി) | വിദേശികളെ മലയാളം പഠിപ്പിക്കുവാൻ എന്ത് നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | (സി) | രണ്ടോ മൂന്നോ ആഴ്ചകൾ കേരളത്തിൽ തങ്ങുന്ന വിദേശിയർക്ക് ഭാഷാ പ്രശ്നം മൂലം ആശയവിനിമയം നടത്താൻ സഹായിക്കുന്ന 24 മണിക്കൂർ ദൈർഘ്യമുള്ള ആവശ്യാധിഷ്ഠിത കോഴ്സും , ഗവേഷണം നടത്തുവാൻ താൽപര്യമുള്ളവർക്കായി 50-60 മണിക്കൂർ ദൈർഘ്യമുള്ള ഭാഷാ പഠനത്തിനുള്ള പദ്ധതിയും മലയാളം മിഷൻ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇപ്പോൾ ജർമ്മനിയിൽ നിന്നുള്ള രണ്ട് വനിതകൾക്ക് മലയാളം മിഷൻ ഓഫീസിൽ വച്ച് ഇപ്രകാരമുള്ള പരിശീലനം നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ടൂറിസം വകുപ്പ്, നോർക്ക എന്നീ വകുപ്പുകളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മലയാളം മിഷന്റെ നമുക്കു പഠിക്കാം മലയാളം പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ കേരളാ ടൂറിസം വകുപ്പ് , നോർക്ക, കേരളാ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ എന്നീ വകുപ്പുകളുടെ വെബ് സൈറ്റിൽ ലിങ്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ